**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1107** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആര്യങ്കാവ് മാമ്പഴത്തറ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിൽ മാമ്പഴത്തറ പ്രദേശത്ത് രണ്ട് കുടിവെള്ള പദ്ധതികൾ ഉണ്ടായിട്ടും ഈ പ്രദേശത്ത് ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രദേശത്ത് 2005-06ൽ രാജീവ് ഗാന്ധി ദേശീയ കുടിനീർ മിഷൻ എന്ന പേരിൽ ജില്ലാ പഞ്ചായത്ത് സ്ഥാപിച്ച കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ അവ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | 2005-2006-ൽ രാജീവ് ഗാന്ധി ദേശീയ കുടിനീർ മിഷൻ പദ്ധതി മുഖേന ജില്ലാ പഞ്ചായത്ത് സ്ഥാപിച്ച കുടിവെള്ള പദ്ധതി പ്രവർത്തനരഹിതമായതിനാൽ, ടി പദ്ധതിയുടെ കിണറുകൾ വൃത്തിയാക്കി, കുടിവെള്ള പദ്ധതി പുനരുദ്ധരിച്ച്, കുടിവെള്ള വിതരണം നടത്തുന്നതിനുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ആര്യങ്കാവ് പഞ്ചായത്തിൽ ഫ്ലോറൻസ് വാർഡിൽ ഉൾപ്പെടുന്ന ഒൻപതേക്കർ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; ഉയർന്ന പ്രദേശമായതിനാൽ ഇവിടേക്ക് വേണ്ടി പ്രത്യേക പദ്ധതികൾ രൂപീകരിയ്ക്കുമോ; വിശദമാക്കാമോ? | (സി) | ആര്യങ്കാവ് പഞ്ചായത്തിലെ ഫ്ലോറൻസ് വാർഡിലെ പ്രസ്തുത പ്രദേശം നിലവിൽ പുരോഗമിച്ചു വരുന്ന ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഫ്ലോറൻസ് വാർഡിൽ പുതുതായി കിണർ കുഴിക്കുക, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജല സംഭരണി നിർമ്മിക്കുക, എല്ലാ ഭവനങ്ങൾക്കും ഗാർഹിക കണക്ഷനുകൾ നൽകുക എന്നീ പ്രവൃത്തികൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്.ടി പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ പ്രസ്തുത പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ